## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2972** — **15/12/2015 ൽ മറുപടിയ്ക്ക്**

## സാങ്കേതികസർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സാങ്കേതികസർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; നിയമം അനുശാസിക്കുന്ന തരത്തിലാണോ സർവ്വകലാശാല അധികൃതർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ; | (എ) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികസർവ്വകലാശാല ആക്ട് അനുസരിച്ചാണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. |
| (ബി) നയപരമായ തീരുമാനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ മാത്രം കൈക്കൊള്ളുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ടോ; | (ബി) നയപരമായ തീരുമാനങ്ങൾ സർവ്വകലാശാലയുടെ നിർവ്വാഹകസമിതിയാണ് കൈ ക്കൊള്ളുന്നത്. |
| (സി സർവ്വകലാശാല നിയമം അനുസരിച്ച് വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) നിയമം അനുസരിച്ച് സമിതികൾ രൂപീകരിച്ച് വരുന്നു. |
| (ഡി) ഭരണനിർവ്വഹണം നടത്തേണ്ട സമിതികളായ ബോർഡ് ഓഫ് ഗവർണ്ണേഴ്സും നിർവ്വാഹകസമിതിയും രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) പ്രസ്തുത സമിതികളിലേയ്ക്ക് വിവിധ തലങ്ങളിൽ നിന്നുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദ മാക്കുമോ? | (ഇ) ബോർഡ് ഓഫ് ഗവർണ്ണേഴ്സ് സമിതിയിലേയ്ക്ക് നിയമസഭാ സാമാജികർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ ഒഴികെയുള്ളവരെ തെരെഞ്ഞെടുത്തിട്ടുണ്ട്. വിവിധ സമിതികളിലേയ്ക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ